"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ.വിനോദ് കുമാർ.പി യുടെ (ഡ്രൈവർ ഗ്രേഡ് - II, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്) തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിലെ ഡ്രൈവർ ഗ്രേഡ് - II തസ്തികയിലുള്ള അന്യത്ര സേവന നിയമന കാലാവധി- ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.2244/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/11/2020

പരാമർശം:- 1) 22/01/2013 തീയതിയിലെ സ.ഉ.(പി) നം.45/2013/ധന.

2) 10/05/2013 തീയതിയിലെ സർക്കുലർ നം.42/2013/ധന.

3) 28/11/2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന.

4) 28/11/2018 തീയതിയിലെ സ.ഉ.(സാധാ) നം.3013/2018/തസ്വഭവ.

5) 29/11/2019 തീയതിയിലെ സ.ഉ.(സാധാ) നം.2704/2019/തസ്വഭവ.

6) ശ്രീ.വിനോദ് കുമാർ.പി യുടെ 14/09/2020 തീയതിയിലെ അപേക്ഷ.

7) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/10/2020 തീയതിയിലെ എസ്എച്ച്(2) 43458/2018 നമ്പർ കത്ത്.

8) നഗരകാര്യ ഡയറക്ടറുടെ 05/11/2020 തീയതിയിലെ ഇ7-25372 /18നമ്പർ കത്ത്.

**ഉത്തരവ്**

കെ.എസ്.ആർ ഭാഗം I ചട്ടം 140 പ്രകാരം നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്കും പരാമർശം (1) മുതൽ (3) വരെയുള്ള ഉത്തരവുകളിലെ നിബന്ധനകൾക്കും വിധേയമായി, പരാമർശം (4), (5) പ്രകാരമുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ ഡ്രൈവർ ഗ്രേഡ്-II തസ്തികയിൽ അന്യത്ര സേവനത്തിൽ 01/12/2018 മുതൽ ജോലിചെയ്യുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ഡ്രൈവർ ഗ്രേഡ്-II ആയ ശ്രീ.വിനോദ് കുമാർ.പി.യുടെ നിലവിലെ അന്യത്ര സേവന കാലാവധി 30/11/2020ൽ അവസാനിയ്ക്കുന്നതിനാൽ ടി കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിലേയ്ക്കുള്ള ശ്രീ.വിനോദ് കുമാർ.പി യുടെ പരാമർശം (6) പ്രകാരമുള്ള അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് പരാമർശം (8) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. ടിയാന്റെ നിലവിലെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിന് തടസ്സമൊന്നും ഇല്ലായെന്ന് പരാമർശം (7) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ രണ്ടാം ഗ്രേഡ് ഡ്രൈവർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ

ജോലി ചെയ്തുവരുന്ന ശ്രീ.വിനോദ് കുമാർ.പി യുടെ നിലവിലെ അന്യത്ര സേവനകാലാവധി കെ.എസ്.ആർ ഭാഗം 1 ചട്ടം 140 പ്രകാരവും നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായും 01/12/2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3) അനുവദിക്കപ്പെട്ട അന്യത്ര സേവന കാലാവധി അവസാനിക്കുന്നതിന് മുമ്പ് സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കാത്തപക്ഷം അനുവദനീയമായ കാലാവധി അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റു അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ